LIBRARY ARCHIVES Kerala Legislative Assembly

ബ്യൂറോയുടെ അനുമതി ലഭിച്ചശേഷം മാത്രമെ ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയ്ക്ക് വിദൂര വിദ്യാഭ്യാസ കോഴ്സുകൾ തുടങ്ങാൻ സാധിക്കുകയുള്ളൂ. ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അനുമതിക്ക് കാലതാമസമുണ്ടായാൽ വിദൂര വിദ്യാഭ്യാസം മുഖേനയുള്ള കോഴ്സുകളിൽ പ്രവേശനം ആഗ്രഹിക്കുന്ന കുട്ടികളുടെ പഠനാവസരം സംരക്ഷിക്കപ്പെടേണ്ടതുണ്ട്. അതിനുവേണ്ടി നിലവിൽ ഇത്തരം കോഴ്സുകൾ നടത്തുന്ന സർവ്വകലാശാലകളിൽ പ്രസ്തുത കോഴ്സുകൾ തുടർന്നും നടത്തുന്നതിലേയ്ക്കായാണ് നിയമത്തിലെ 63-ാം വകുപ്പ് നൽകുന്ന അധികാരം വിനിയോഗിച്ചുകൊണ്ട് കേരള, മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകൾക്ക് വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്നതിന് അനുമതി നൽകിക്കൊണ്ട് ഉത്തരവിറക്കിയത്. വിദൂര വിദ്യാഭ്യാസ കോഴ്സുകളിൽ പഠനം ആഗ്രഹിക്കുന്ന കുട്ടികളുടെ മികച്ച പഠനം ഉറപ്പുവരുത്തുകയാണ് ആക്ടിന്റെ അന്തഃസത്ത. ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്ട് പ്രകാരം വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ഉത്തരവ് പുറപ്പെടുവിക്കാൻ സർക്കാരിന് അധികാരം നൽകുന്ന വ്യവസ്ഥ ഉപയോഗിച്ചുകൊണ്ട് വിദൂര വിദ്യാഭ്യാസ രജിസ്ട്രേഷൻ മുഖേന വിദ്യാർത്ഥികൾക്ക് ലഭിക്കേണ്ട അവസരം നഷ്ടപ്പെടാതിരിക്കാൻ ഉദ്ദേശിച്ച് സർക്കാർ സ്വീകരിച്ച നടപടി നിയമത്തിലെ വ്യവസ്ഥകൾ പ്രകാരമായതിനാൽ സഭയുടെ അവകാശം ലംഘിക്കുന്ന സാഹചര്യമുണ്ടായിട്ടില്ല. യു.ജി.സി.-യുടെ ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അംഗീകാരം ലഭിക്കാതെ നിയമത്തിലെ 72-ാം വകുപ്പിലെ 1-ാം ഉപവകുപ്പിലെ വ്യവസ്ഥ നടപ്പിലാക്കുന്നപക്ഷം ഇതര സർവ്വകലാശാലകളിൽ വിദൂരവിദ്യാഭ്യാസത്തിനോ തുടർ വിദ്യാഭ്യാസത്തിനോ ഈ വർഷം പ്രവേശനം സാധിക്കാതെ വരുമെന്നത് ആയിരക്കണക്കിന് വിദ്യാർത്ഥികളുടെ ഭാവിയെ ദോഷകരമായി ബാധിക്കുമെന്ന് സർക്കാരിന് ബോദ്ധ്യപ്പെട്ടതിനാലും അങ്ങനെ നിയമത്തിലെ 72-ാം വകുപ്പിലെ 1-ാം ഉപവകുപ്പ് നടപ്പാക്കുന്നതിൽ വൈഷമ്യം നേരിട്ടതിനാലും നിയമത്തിലെ 63-ാം വകുപ്പിലെ വൈഷമ്യം നീക്കം ചെയ്യുന്നതിന് സർക്കാരിൽ നിക്ഷിപ്തമായ അധികാരം വിനിയോഗിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്. തുടർന്ന് ഗസറ്റിൽ വിജ്ഞാപനം ചെയ്യാനുള്ള തുടർ നടപടികളാരംഭിക്കുകയും ആ നടപടി പൂർത്തീകരിച്ച് എസ്.ആർ.ഒ. 559/21, 590/21 ആയി ഗസറ്റിൽ വിജ്ഞാപനം ചെയ്യുകയും ചെയ്തിട്ടുണ്ട്.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ഓർഡർ...ഓർഡർ... 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി നിയമത്തിൽ വൈഷമ്യങ്ങൾ നീക്കം ചെയ്യാനുള്ള 63-ാം വകുപ്പിലെ വ്യവസ്ഥയുടെ പിൻബലത്തിൽ ഒരു സർക്കാർ ഉത്തരവിലൂടെ പ്രസ്തുത നിയമത്തിലെ 72-ാം വകുപ്പിന് വിരുദ്ധമായ നടപടി സ്വീകരിച്ചത് തികച്ചും നിയമവിരുദ്ധവും

സഭാനടപടി ചട്ടങ്ങൾക്കും സബോർഡിനേറ്റ് ലെജിസ്ലേഷൻ തത്വങ്ങൾക്കും വിരുദ്ധമാണെന്നും അതുവഴി സഭാംഗങ്ങൾക്ക് ലഭ്യമാകേണ്ടിയിരുന്ന അവകാശങ്ങൾ ഹനിക്കപ്പെടുകയുണ്ടായെന്നുമാണ് ശ്രീ. റോജി എം. ജോൺ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ച പ്രധാന ആക്ഷേപം.

2021 ജൂലൈ 26-ാം തീയതിയിലെ ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ 29/2021-ാം നമ്പർ സർക്കാർ ഉത്തരവ് പുറപ്പെടുവിക്കാനുണ്ടായ സാഹചര്യത്തെ സംബന്ധിച്ചും അതുമൂലം ഉളവായ ക്രമരാഹിത്യത്തെ സംബന്ധിച്ചും ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ വകുപ്പുമന്ത്രി വിശദീകരിച്ചിട്ടുണ്ട്. അതോടൊപ്പം പരാമർശ വിധേയമായ സർക്കാർ ഉത്തരവിന് പകരമായിട്ടുള്ള സ്റ്റാറ്റ്യൂട്ടറി ഓർഡർ (SRO) ഗസറ്റിൽ വിജ്ഞാപനം നടത്തിക്കഴിഞ്ഞതായും ബഹുമാനപ്പെട്ട മന്ത്രി സഭയെ അറിയിച്ചിട്ടുണ്ട്.

ഈ വിഷയവുമായി ബന്ധപ്പെട്ട കാര്യങ്ങളെ സംബന്ധിച്ച് ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. 2021-ലെ ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റി ആക്റ്റിലെ 62-ാം വകുപ്പിലെ നിബന്ധനയെ ഒരു സർക്കാർ ഉത്തരവിലൂടെ ഭേദഗതി ചെയ്തത് സംബന്ധിച്ച വിഷയം ഈ സമ്മേളനത്തിൽതന്നെ ജൂലൈ 27-ാം തീയതി ചോദ്യോത്തരവേളയിൽ സഭയിലുയർന്നുവരികയും സഭ പാസ്സാക്കിയ ഒരു നിയമത്തിലെ വ്യവസ്ഥയെ നടപടിക്രമങ്ങൾ പാലിക്കാതെ കേവലം ഒരു സർക്കാർ ഉത്തരവിലൂടെ ഭേദഗതി ചെയ്യുന്നതിനെതിരെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവുൾപ്പെടെ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിരുന്നു. അതിന്റെകൂടി അടിസ്ഥാനത്തിൽ സർക്കാർ ഇക്കാര്യം പുനഃപരിശോധിക്കുകയും നിയമത്തിലെ വ്യവസ്ഥകൾക്കും സഭാചട്ടങ്ങൾക്കും അനുരോധകമാകത്തക്ക വിധത്തിൽ നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് നിലവിൽ വിദൂരവിദ്യാഭ്യാസ കോഴ്സുകൾ നടത്തുന്ന സർവ്വകലാശാലകളിൽ തുടർന്നും പ്രസ്തുത കോഴ്സുകൾ നടത്തുന്നതിലേയ്ക്കാവശ്യമായ അനുമതി നൽകിക്കൊണ്ടുള്ള S.R.O. (Statutory Rules and Orders) ഗസറ്റിൽ വിജ്ഞാപനം ചെയ്തുകഴിഞ്ഞതായി ബഹുമാനപ്പെട്ട ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പുമന്ത്രി ഇവിടെ അറിയിച്ച സാഹചര്യത്തിൽ ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ച ആക്ഷേപങ്ങൾ പരിഹരിക്കപ്പെട്ടുകഴിഞ്ഞതായി കാണുന്നു. എന്നിരുന്നാലും ഇത്തരത്തിലുള്ള ന്യൂനതകൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാൻവേണ്ട ജാഗ്രത ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നുണ്ടാകേണ്ടതാണെന്ന് ചെയർ ഓർമ്മപ്പെടുത്തുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഓഫീസേഴ്സ് ഗ്യാലറിയിൽ ഉദ്യോഗസ്ഥർ നിൽക്കുകയാണ്. അവർക്ക് ഇരിക്കാനുള്ള സൗകര്യമുണ്ടാക്കി കൊടുത്താൽ നന്നായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly